## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5792** **08-07-2024 - ൽ മറുപടിയ്ക്ക്**

## മാവേലി സ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ മുഖേനയുള്ള സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ മാവേലി സ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റ് എന്നിവ മുഖേന ഓരോ വർഷവും എത്ര രൂപയുടെ സബ്സിഡി ജനങ്ങൾക്ക് നൽകിയിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നുണ്ട്. ഇപ്രകാരം 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയതു മൂലം 2016 മുതൽ ജനങ്ങൾക്ക് ലഭിച്ച സബ്സിഡി ആനുകൂല്യത്തിന്റെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.<br><br>ഇതിനു പുറമേ കോവിഡ് 19 മഹാമാരിക്കാലത്ത് രാജ്യമെമ്പാടും ലോക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം കാർഡുടമകൾക്കും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ 13 തവണകളിലായി ഏകദേശം 11 കോടി ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ തയ്യാറാക്കി സംസ്ഥാനത്തെ റേഷൻ കടകൾ വഴി സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇത്തരത്തിൽ സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയത് വഴി 5505 കോടിയോളം രൂപയുടെ ആനുകൂല്യം പൊതുജനങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2022 ലും ഇത്തരത്തിൽ 85.85 ലക്ഷത്തോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയതു വഴി ഏകദേശം 384 കോടി രൂപയുടെയും 2023 ൽ എ.എ.വൈ കാർഡ് ഉടമകൾക്കും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമായി 5.72 ലക്ഷത്തോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയതു വഴി ഏകദേശം 30.41 കോടി രൂപയുടെയും ആനുകൂല്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി ഉല്പന്നങ്ങൾക്ക് വില കൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വില വർദ്ധനവുണ്ടായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 ഫെബ്രുവരി 20 വരെ സബ്സിഡി ഉല്പന്നങ്ങൾക്ക് 2016 മുതൽ പ്രാബല്യത്തിലുള്ള നിരക്കുകൾ തന്നെ തുടർന്നു. എന്നാൽ 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് സപ്ലൈകോ പരിഷ്കരണത്തിനായി നിയോഗിച്ച വിദഗ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 16-02-2024- തീയതിയിലെ സ.ഉ.(കൈ)നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇത് മൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പരിഷ്കരിച്ച വിൽപ്പന വിലയും പഴയ വിലയും അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | സബ്സിഡി ഉല്പന്നങ്ങളുടെ ഇപ്പോഴത്തെ വിലയും, ഇതേ ഉല്പന്നങ്ങളുടെ പൊതു മാർക്കറ്റിലെ വിലയും എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | അനുബന്ധം III **ആയി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| സാമ്പത്തിക വർഷം | സബ്സിഡി വിൽപ്പനയിലൂടെ ജനങ്ങൾക്ക് ലഭ്യമായ ആനുകൂല്യം (കോടി രൂപ) |
|---|---|
| 2016–17 | 431.60 |
| 2017–18 | 446.96 |
| 2018–19 | 281.93 |
| 2019–20 | 322.83 |
| 2020–21 | 202.80 |
| 2021–22 | 270.68 |
| 2022–23 | 585.97 |
| 2023–24 | 346.534 |
| ആകെ | **2889.30** കോടി രൂപ |

**അനുബന്ധം II**

| ക്രമ നം. | ഇനം | പഴയ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. ഉൾപ്പെടെ) രൂപ | നിലവിലെ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. ഉൾപ്പെടെ) രൂപ | വർദ്ധനവ് (രൂപ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 74 | 92 | 18 | 24% |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 66 | 95 | 29 | 44% |
| 3 | വൻകടല ( 1 കി.ഗ്രാം ) | 43 | 69 | 26 | 60% |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 45 | 75 | 30 | 67% |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 65 | 111 | 46 | 71% |
| 6 | മുളക് ( 500 ഗ്രാം ) | 37.5 | 78.75 | 41.25 | 110% |
| 7 | മല്ലി ( 500 ഗ്രാം ) | 39.5 | 40.95 | 1.45 | 4% |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 22 | 28.35 | 6.35 | 29% |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ )* | 46 | 57.75 | 11.75 | 26% |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 25 | 29 | 4 | 16% |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 25 | 30 | 5 | 20% |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 24 | 30 | 6 | 25% |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 23 | 26 | 3 | 13% |

## അനുബന്ധം III

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. ഉൾപ്പെടെ) രൂപ | പൊതു വിപണിവില (as on 03.07.2024 as per Economics and Statistics Dept of (per Kg)) (coconut oil per litre) | സപ്ലൈകോ വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ 1 കി.ഗ്രാം | 92 | 144.36 | 52.36 | 36% | 1 Kg |
| 2 | ഉഴുന്ന് ബോൾ 1 കി.ഗ്രാം | 95 | 148.07 | 53.07 | 36% | 1 Kg |
| 3 | വൻകടല 1 കി.ഗ്രാം | 69 | 111.86 | 42.86 | 38% | 1 Kg |
| 4 | വൻപയർ 1 കി.ഗ്രാം | 75 | 115.07 | 40.07 | 35% | 1 Kg |
| 5 | തുവര പരിപ്പ് 1 കി.ഗ്രാം | 111 | 188.21 | 77.21 | 41% | 1 Kg |
| 6 | മുളക് ½ കി.ഗ്രാം | 78.75 | 112.86 | 34.11 | 30% | ½ Kg |
| 7 | മല്ലി ½ കി.ഗ്രാം | 40.95 | 60.54 | 19.59 | 32% | ½ Kg |
| 8 | പഞ്ചസാര 1 കി.ഗ്രാം | 28.35 | 43.71 | 15.36 | 35% | 1 Kg |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 57.75 | 87.00 | 29.25 | 34% | ½ Litre |
| 10 | ജയ അരി 1 കി.ഗ്രാം | 29 | 45.46 | 16.46 | 36% | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 Kg |
| 11 | കുറുവ അരി 1 കി.ഗ്രാം | 30 | 45.11 | 15.11 | 33% | |
| 12 | മട്ട അരി 1 കി.ഗ്രാം | 30 | 51.57 | 21.57 | 42% | |
| 13 | പച്ചരി 1 കി.ഗ്രാം | 26 | 40.21 | 14.21 | 35% | |